# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1195** **05.03.2018-ൽ മറുപടിയ്ക്ക്**

**<u>മാരക വിഷങ്ങൾ കലർന്ന മത്സ്യങ്ങൾ</u>**

| <u>ചോദ്യം</u><br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.പാറക്കൽ അബ്ദുല്ല | <u>മറുപടി</u><br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) സംസ്ഥാനത്ത് ഫോർമാലിൻ, അമോണിയ എന്നീ മാരക വിഷങ്ങൾ കലർന്ന മത്സ്യങ്ങൾ വ്യാപകമായി വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഫോർമാലിൻ, അമോണിയ എന്നീ രാസപദാർത്ഥങ്ങൾ മത്സ്യങ്ങളിൽ കലർത്തി വില്പനക്കെത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും വ്യാപകമായി അത്തരം വിറ്റഴിക്കപ്പെടുന്നതായി അറിവില്ല. |
| ബി) എങ്കിൽ അവ പരിശോധിക്കുന്നതിന് വകുപ്പ് തലത്തിൽ കുറ്റമറ്റ സംവിധാനങ്ങൾ ഏർപ്പെടുത്താമോ; | ബി) ഫോർമാലിൻ, അമോണിയ തുടങ്ങിയ രാസ വസ്തുക്കൾ ചേർത്ത മത്സ്യങ്ങളെ കണ്ടെത്തുന്നതിന് മത്സ്യമേഖലയിലെ ഗവേഷണ സ്ഥാപനമായ CIFT (സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി) വികസിപ്പിച്ചെടുത്ത 'പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ' വിജയകരമായി പരീക്ഷിച്ചിട്ടുണ്ട്. ഈ പേപ്പർ സ്ട്രിപ്പ് എല്ലായിടങ്ങളിലും ലഭ്യമാക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. വാണിജ്യാടിസ്ഥാനത്തിൽ പേപ്പർ സ്ട്രിപ്പ് ഉല്പാദനം നടത്തുന്നതിനുള്ള ശ്രമങ്ങൾ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി സ്വീകരിച്ചുവരികയാണ്. ഇത്തരത്തിൽ രാസ വസ്തുക്കൾ ചേർത്ത് മത്സ്യവിപണനം നടത്തുന്നവരെ കണ്ടെത്തുന്നതിന് ഫിഷറീസ് വകുപ്പിലെയും ഭക്ഷ്യസുരക്ഷാ വകുപ്പിലെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) ഇതിനായി എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | സി) ഉണ്ട്. വിഷരഹിതമായ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി മത്സ്യബന്ധന തുറമുഖങ്ങൾ / കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ തുടങ്ങി മാർക്കറ്റ് വരെ നീളുന്നതും കേരളത്തിലെ മത്സ്യത്തൊഴിലാളികൾ പിടിച്ചെടുക്കുന്ന മത്സ്യം നേരിട്ട് അവരിൽ നിന്നും ശേഖരിച്ച്, ഗുണനിലവാരം ഉറപ്പുവരുത്തി. ശീതീകരിച്ച് ഉപഭോക്താക്കളിൽ എത്തിക്കുന്നതുമായ ഒരു ശീതീകരണ ശൃംഖല അഥവാ കോൾഡ് ചെയിൻ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.<br>സംസ്ഥാനത്ത് ഗുണനിലവാരമുളള മത്സ്യങ്ങളുടെ വിപണനം ഉറപ്പു വരുത്തുന്നതിന് നിയമനിർമ്മാണം സർക്കാർ പരിഗണനയിലാണ്. ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യങ്ങൾ സാക്ഷ്യപ്പെടുത്തുന്നതിനും രാസവസ്തുക്കൾ ചേർത്ത മത്സ്യവിപണനം നടത്തുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനും നിയമത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതാണ്. |

**സെക്ഷൻ ആഫീസർ**